**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **20/10/2016 ൽ**
**നിയമസഭാ ചോദ്യം നം. 3844** **മറുപടിയ്ക്ക്**

**കശുവണ്ടി സംഭരണം**

**ചോദ്യം**
**ശ്രീ.റ്റി.വി.രാജേഷ്**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക് ഒരു വർഷത്തേക്ക് പ്രവർത്തിക്കാൻ എത്ര ടൺ കശുവണ്ടി ആവശ്യമായി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര ടൺ നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്; എത്ര ടൺ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്; വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുന്ന കശുവണ്ടിക്ക് കിലോക്ക് എത്ര രൂപ നൽകിയാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ആവശ്യങ്ങൾക്ക് ഏകദേശം 6 ലക്ഷം മെട്രിക് ടൺ കശുവണ്ടി ആവശ്യമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ 80,000 മെട്രിക് ടൺ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്.<br>രാജ്യത്ത് പ്രതിവർഷം 8.5 ലക്ഷം മെട്രിക് ടൺ മുതൽ 9 ലക്ഷം മെട്രിക് ടൺ വരെ തോട്ടണ്ടി വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതായി കണക്കാക്കുന്നുണ്ട്. ഇത് സംസ്ഥാനത്തിന് പുറത്തുള്ള ഫാക്ടറികളുടെ ആവശ്യത്തിനു വേണ്ടിയാണ്.<br>ഇറക്കുമതി ചെയ്ത് വച്ചിരുന്ന തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷൻ (Rs.151.50+ടാക്സ്) നിരക്കിലാണ് അവസാനം വാങ്ങിയത്. കാപെക്സ് ഏകദേശം USD 1567 നാണ് IVC ഒർജിൻ തോട്ടണ്ടി വാങ്ങിയത്. |
| (ബി) | കർഷകർക്ക് മെച്ചപ്പെട്ട വില നൽകി കശുവണ്ടി സംഭരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (ബി) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് |

| | | |
|---|---|---|
| | വിശദമാക്കാമോ ; | വാങ്ങുന്നതിന് പദ്ധതികൾ പരിഗണനയിലാണ്. |
| (സി) | ഉത്തര മലബാറിലെ മണ്ണും കാലാവസ്ഥയും കശുമാവ് കൃഷിക്ക് ഏറെ അനുയോജ്യമാണെന്ന കാര്യം പരിഗണിച്ച് ആ പ്രദേശങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | (സി) ഉത്തര മലബാറിലുൾപ്പെടെ സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി ചെയ്യുന്നതിന് വനം,കൃഷി, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ